"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്- ജീവനക്കാര്യം -കാസർഗോഡ് ജില്ല ശിശു സംരക്ഷണ ഓഫീസർ ശ്രീമതി ഷൈനി ഐസക്കിന് കാസർഗോഡ് പ്രോഗ്രാം ഓഫീസർ തസ്തികയുടെ അധിക ചുമതല നിർവഹിച്ച കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിത ശിശു വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.161/2025/WCDD തീയതി,തിരുവനന്തപുരം, 23-04-2025

---

പരാമർശം:-
1. 10.02.2021-ലെ സ.ഉ.(അച്ചടി) നം.27/2021/ധന നം. ഉത്തരവ്.
2. 23.09.2024 ലെ സ.ഉ.(സാധാ) നം.370/2024/വശിവിവ നമ്പർ ഉത്തരവ്.
3. വനിത ശിശു വികസന ഡയറക്ടറുടെ 26.12.2024 തീയതിയിലെ ലെ ഡിഡബ്ല്യുസിഡി/1150/2024-ഇ9 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ല ശിശു സംരക്ഷണ ഓഫീസർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി ഷൈനി ഐസക്കിന് , കാഞ്ഞങ്ങാട് ശിശു വികസന പദ്ധതി ഓഫീസർ ആയിരിക്കെ കാസർഗോഡ് പ്രോഗ്രാം ഓഫീസർ തസ്തികയുടെ അധിക ചുമതല നൽകിയ നടപടി പരാമർശം (2) പ്രകാരം സാധൂകരിച്ചിരുന്നു. ശ്രീമതി ഷൈനി ഐസക്ക്, ശിശു വികസന പദ്ധതി ഓഫീസർ കാസർഗോഡ് പ്രോഗ്രാം ഓഫീസർ തസ്തികയുടെ അധിക ചുമതല വഹിച്ച **10.08.2022** മുതൽ **26.12.2022** വരെയുള്ള കാലയളവിലേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. വനിത ശിശു വികസന ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ല ശിശു സംരക്ഷണ ഓഫീസർ ശ്രീമതി ഷൈനി ഐസക്ക് കാസർഗോഡ് പ്രോഗ്രാം ഓഫീസർ

തസ്തികയുടെ അധിക ചുമതല വഹിച്ച 10.08.2022 മുതൽ പരമാവധി 03 മാസ കാലയളവിലേയ്ക്ക് കെ.എസ്.ആർ. ഭാഗം 1, ചട്ടങ്ങൾ 53 (b) (2) (as amended vide GO(P) No.88/2017/Fin dated 11.07.2017), 53 A II (c), 53 ( C) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S

അണ്ടർ സെക്രട്ടറി

വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം

ശ്രീമതി ഷൈനി ഐസക്ക് ജില്ല ശിശു സംരക്ഷണ ഓഫീസർ

(വനിത ശിശു വികസന ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-1/32/2025-Fin (E-3058963 dated 5.4.2025 പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
Date: 23-04-2025 16:18:19

സെക്ഷൻ ഓഫീസർ